**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 797** **30-06-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ; | (എ) | പ്രസ്തുത മണ്ഡലത്തിൽ നിന്നും മുതലപ്ര , വെള്ളൂക്കുന്ന് എന്നീ രണ്ടു പട്ടികജാതി കോളനികളെ 2021-22 വർഷത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് |
| (സി) | അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ? | (സി) | 18/3/2017ലെ സ ഉ (കൈ) നം. 15/2017 / പജപവവി വ , 03/12/2021 ലെ സ. ഉ (കൈ )നം 54/2021 /പ ജപവവിവ എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത് (പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു) . |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളുടെ സമഗ്ര വികസനം നടപ്പാക്കൽ - അംബേദ്കർ ഗ്രാമവികസന പരിപാടി 2016-17 – ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

========================================================================

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(കൈ)നം.15/2017/പജപവവിവ. തീയതി, തിരുവനന്തപുരം.18.03.2017.

========================================================================

പരാമർശം: പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.12.2016, 1.01.2017, 4.01.2017, 17.02.2017- തീയതികളിലെ ഡെവ.ഡി1-23705/16 നമ്പർ കത്തുകൾ

## <u>ഉത്തരവ്</u>

ഓരോ നിയോജകമണ്ഡലത്തിലുമുള്ള അടിസ്ഥാന സൗകര്യവികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസനപ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ വീതം തെരഞ്ഞെടുത്ത് ഓരോ കോളനിയിലും 1,00,00,000/- രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അംബേദ്കർ ഗ്രാമവികസന പരിപാടി പ്രൊപ്പോസൽ അംഗീകരിച്ച് നൽകണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും അംബേദ്കർ ഗ്രാമവികസന പരിപാടി പ്രകാരം കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി ഒരു എം.എൽ.എയ്ക്ക് 2 കോളനി വീതം തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും ഇതിനാവശ്യമായ തുക (കോളനിയൊന്നിന് 1,00,00,000/- രൂപ വീതം) "2225-01-800-57 (പ്ലാൻ) കോർപ്പസ് ഫണ്ട്" എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകിയും പ്രൊപ്പോസലിലെ താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) <u>അംബേദ്കർ ഗ്രാമവികസന പരിപാടി പ്രകാരം ഏറ്റെടുക്കേണ്ട പ്രവൃത്തികൾ</u>

1. ഇന്റേണൽ റോഡ്/ഫുട്ട് പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ-വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

ബി) <u>പ്രവൃത്തികൾ നടപ്പാക്കേണ്ട രീതി</u>

i. ഒരു നിയമസഭാ മണ്ഡലത്തിൽപ്പെട്ട മേൽപ്പറഞ്ഞ വികസന പ്രവർത്തനങ്ങൾ ആവശ്യമായി വരുന്ന സങ്കേതങ്ങളുടെ ലിസ്റ്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എം.എൽ.എ മാർക്ക് നൽകേണ്ടതും ലിസ്റ്റിൽ നിന്നും ഏറ്റവും പിന്നാക്കം നിൽക്കുന്ന സങ്കേതങ്ങൾ മുൻഗണനാ ക്രമത്തിൽ തെരഞ്ഞെടുത്ത് എം.എൽ.എ, ജില്ലാ പട്ടികജാതി വികസന ഓഫീസർ വഴി ഡയറക്ടർക്ക് നൽകുന്ന ലിസ്റ്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച് അംഗീകാരം വാങ്ങണം.

ii. അംഗീകാരം ലഭിച്ച ശേഷം ബ്ലോക്ക്/ഗ്രാമ/നഗരസഭ, കോർപ്പറേഷൻ അംഗങ്ങൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, ഏജൻസി പ്രതിനിധി, പട്ടികജാതി പ്രമോട്ടർമാർ എന്നിവർ ചേർന്ന് പ്രാഥമിക സർവ്വെയും സ്ഥല പരിശോധനയും നടത്തി, നടത്തേണ്ട പ്രവൃത്തികൾ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ തയ്യാറാക്കണം.

iii. ബഹു.എം.എൽ.എ യുടെ നേതൃത്വത്തിൽ മേൽപ്പറഞ്ഞ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സങ്കേതത്തിലെ മുഴുവൻ കുടുംബങ്ങളുടെയും സംയുക്ത യോഗം ചേർന്ന് കരട് കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ നിശ്ചയിക്കണം.

iv. കരട് കർമ്മ പരിപാടിയിലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഏജൻസി തയ്യാറാക്കുകയും ബഹു.എം.എൽ.എയുടെ അനുമതിയോടെ/സാന്നിദ്ധ്യത്തിൽ സങ്കേതത്തിൽ വീണ്ടും കുടുംബയോഗം ചേർന്ന് അന്തിമ കർമ്മ പരിപാടിക്ക് രൂപം നൽകണം.

v. പ്രസ്തുത കർമ്മ പരിപാടിയുടെ പ്രൊജക്ടും, വിശദമായ എസ്റ്റിമേറ്റും, എസ്റ്റിമേറ്റ് റിപ്പോർട്ടും ജില്ലാ ഓഫീസർ ശുപാർശ ചെയ്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഡയറക്ടർ അംഗീകാരം നൽകുന്ന മുറയ്ക്ക് പദ്ധതി അന്തിമമാകുന്നതുമാണ്.

സി) <u>സങ്കേതതല മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങൾ</u>

| | | |
|---|---|---|
| ചെയർമാൻ | : | ബന്ധപ്പെട്ട എം.എൽ.എ. |
| കൺവീനർ | : | പട്ടികജാതി വികസന ഓഫീസർ |
| അംഗങ്ങൾ | : | 1.സാങ്കേത പ്രതിനിധികൾ -2 (1M+1 F)<br>2. വാർഡ് മെമ്പർ/കൗൺസിലർ<br>3.പട്ടികജാതി പ്രൊമോട്ടർ<br>4.ഏജൻസി പ്രതിനിധി |

ഡി) <u>ജില്ലാതല മോണിറ്ററിംഗ് സമിതി</u>

| | |
|---|---|
| ചെയർമാൻ | ജില്ലാ കളക്ടർ |
| കൺവീനർ | ജില്ലാ പട്ടികജാതി വികസന ഓഫീസർ |

അംഗങ്ങൾ

1.ബന്ധപ്പെട്ട എം.എൽ.എ
2.ഏജൻസി പ്രതിനിധി
3.എൽ.എസ്.ജി.ഡി പ്രസിഡന്റ്
4.വാർഡ് മെമ്പർ

ഇ) പ്രവൃത്തികൾ അതതു ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെക്കൊണ്ട് ചെയ്യിക്കേണ്ടതാണ്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ പദ്ധതി ഏറ്റെടുക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നല്ലരീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ എം.എൽ.എ നിർദ്ദേശിക്കുന്നുവെങ്കിൽ അവയേയും നിർവ്വഹണ ഏജൻസികളായി നിയോഗിക്കാവുന്നതാണ്.

എഫ്) 1,00,00,000/- രൂപയുടെ എസ്റ്റിമേറ്റുള്ള വർക്കിന് 50% തുക മുൻകൂറായി അനുവദിയ്ക്കാവുന്നതും മേൽ തുകയുടെ 75% ചെലവുചെയ്ത ബില്ലും അനുബന്ധ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് 30% തുകയും പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബിൽ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി 20% തുകയും അനുവദിയ്ക്കാവുന്നതുമാണ്.

ജി) മറ്റെല്ലാ മാനദണ്ഡങ്ങളും സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ മാതൃകയിലായിരിക്കണം.

എച്ച്) വീടുകളുടെ അറ്റകുറ്റപ്പണിയ്ക്ക് ഇപ്പോൾ നൽകിവരുന്ന 50,000/- രൂപ അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരം തെരഞ്ഞെടുക്കുന്ന വീടുകൾക്ക് 1,00,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നു. മേൽ തുക ബന്ധപ്പെട്ട കോളനിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായിനുവദിക്കുന്ന 1,00,00,000/- രൂപയ്ക്കുള്ളിൽ പരിമിതപ്പെടുത്തണം.

ഐ). അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരം തെരഞ്ഞെടുക്കുന്ന കോളനികൾ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെട്ടിട്ടില്ലെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ഉറപ്പ വരുത്തണം.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റംലത്ത്.പി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)കേരള , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്)കേരള , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (04.03.2017-ലെ WW2/22/2017/Fin പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടിക വർഗ വികസന വകുപ്പ് - അംബേദ്കർ ഗ്രാമവികസന പദ്ധതി - കോളനികളുടെ തിരഞ്ഞെടുപ്പ് രീതിയിലും നടത്തിപ്പിലും ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടിക വർഗ വികസന (സി) വകുപ്പ്

സ.ഉ.(കൈ) നം.54/2021/പ.ജ.പ.വ.വി.വ തീയതി,തിരുവനന്തപുരം, 03/12/2021

---

പരാമർശം:- 1. 18/03/2017-ലെ സ.ഉ.(കൈ)നം.15/2017/പജപവവിവ നമ്പർ ഉത്തരവ്.

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24.02.2020 ലെ ഡെവഡി1-36185/16 നമ്പർ കത്ത്

**ഉത്തരവ്**

അംബേദ്കർ ഗ്രാമം പദ്ധതി പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം പദ്ധതി നടപ്പിലാക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്നും അതിനാൽ പ്രസ്തുത ഉത്തരവിൽ ചില ഭേദഗതി വരുത്തേണ്ടതുണ്ടെന്നും പരാമർശം 2 പ്രകാരം വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം (1) ലെ മാർഗ നിർദേശങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപറേഷൻ പട്ടികജാതി വികസന ഓഫീസർമാർ പദ്ധതി നിർവഹണത്തിന് യോഗ്യമായ, ഏറ്റവും കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങളെങ്കിലും അധിവസിക്കുന്നതുമായ കോളനികളുടെ പട്ടിക തയ്യാറാക്കി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതും പ്രസ്തുത പട്ടികയിൽ നിന്നും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്നതിനായി എം എൽ എ മാർ ശിപാർശ ചെയ്യുന്ന കോളനികളുടെ വിവരങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

ii. 04.07.2019 തിയതിയിലെ സ.ഉ. (അച്ചടി) നം.77/2019/ ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികളിൽ നിന്ന് മാത്രമായിരിക്കണം പദ്ധതിയുടെ

നിർവഹണ ഏജൻസികളെ തെരഞ്ഞെടുക്കേണ്ടത്. മുൻപ്, സ്വയംപര്യാപ്ത ഗ്രാമം / അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തികരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലാത്ത ഏജൻസികൾക്ക് മുൻഗണന നൽകേണ്ടതാണ്. പദ്ധതി നിർവഹണ ചുമതല ഏറ്റെടുത്ത തീയതി മുതൽ ഒരു മാസത്തിനകം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ലഭ്യമാക്കേണ്ടതും പരമാവധി 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതുമാണ്.

iii. കോളനിക്കുള്ളിലെ റോഡ് / നടപ്പാത, ഡ്രെയ്നേജ്, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, കുടിവെള്ളത്തിനും ജലസേചനത്തിനുമുള്ള സൗകര്യങ്ങൾ, കോളനിക്കുള്ളിലെ പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും വൈദ്യുതീകരണം, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, പൊതു ആസ്തികളുടെ മെയ്ന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സംരക്ഷണ ഭിത്തി നിർമാണം, വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾ എന്നിവ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

iv. കുറഞ്ഞത് അഞ്ചു വർഷമെങ്കിലും മുൻപ് നിർമ്മിച്ച റോഡുകൾ മാത്രമേ പുനരുദ്ധരണത്തിനായി ഏറ്റെടുക്കാൻ പാടുള്ളൂ.

v. പദ്ധതി നിർവഹണത്തിനായി സ്ഥലം വിട്ടുകിട്ടേണ്ട പ്രവർത്തികൾ ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ ബന്ധപ്പെട്ട രേഖകൾ ലഭ്യമായ ശേഷം മാത്രമേ പ്രസ്തുത പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളൂ.

vi. മാലിന്യ സംസ്കരണം, സ്വയംതൊഴിൽ പദ്ധതികൾ എന്നിവയ്ക്കുള്ള ഭരണാനുമതി ഡയറക്ടറേറ്റ് തലത്തിൽ നൽകേണ്ടതാണ്.

vii. ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയിൽ പൊതുമരാമത്ത് വകുപ്പിലെ റോഡ് വിഭാഗം, കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയർമാർ, തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയർ എന്നിവരെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

viii. റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നല്കുന്നതിന് നിലവിലെ രീതി തുടരേണ്ടതാണ്.

iX. അക്രഡിറ്റഡ് ഏജൻസികൾക്ക് മുൻകൂർ തുക അനുവദിക്കുമ്പോൾ 30/7/2014 ലെ സ ഉ (അച്ചടി) നം.311/14/ധന പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

മേൽ ഭേദഗതികളോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീനകുമാരി.എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്) കേരള , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ